


ബ്ര. ജോജിത്ത് മൂലയിൽ

നോമ്പിന്റെ ചൈതന്യം ഹൃദയത്തിലേറ്റുവാങ്ങി നോമ്പാചരിച്ചുകൊണ്ട് മുമ്പോട്ടുപോകുന്ന നാം ഇന്ന് നോമ്പുകാലത്തിന്റെ രണ്ടാം ഞായറാഴ്ചയിലാണ്. മരുഭൂമിയിലെ പരീക്ഷകളെ വിജയിച്ച്, തന്റെ ദൗത്യമാരംഭിച്ചയുടനെ ഈശോ നടത്തുന്ന സുദീർഘമായ മലയിലെ പ്രസംഗത്തിന്റെ അവസാനഭാഗമാണ് തിരുസ്സഭ ഇന്ന് നമുക്ക് വിചിന്തനത്തിനായി നൽകുന്നത്. ഇന്ന് വായിച്ചുകേട്ട വചനഭാഗം ശിഷ്യത്വത്തെപ്പറ്റിയാണ്. കർത്താവേ കർത്താവേ എന്ന് വിളിക്കുന്നവനല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്ന് അസന്നിഗ്ദ്ധമായി ഈശോ പ്രഖ്യാപിക്കുകയാണ്. പ്രാർത്ഥന ആവശ്യമില്ലെന്നല്ല, മറിച്ച് പ്രാർത്ഥന ദൈവേഷ്ടം ചെയ്യാനുള്ള ശക്തിയായി, പ്രചോദനമായി മാറണമെന്നോർമ്മപ്പെടുത്തുകയാണ് വചനം. തൊട്ടുമുമ്പുള്ള അധ്യായത്തിൽ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന ഈശോയെയാണ് നാം കണ്ടത്. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന. എന്നാൽ പ്രാർത്ഥിക്കാൻ പഠിപ്പിച്ചവൻ പ്രാർത്ഥനയെ ജീവിതഗന്ധിയാക്കണമെന്ന് പഠിപ്പിക്കുകയാണ് ഇവിടെ. തൊട്ടുമുമ്പത്തെ വചനഭാഗം വ്യാജപ്രവാചകന്മാരെപ്പറ്റിയാണ്. അവർ മറ്റുള്ളവരെ വഞ്ചിക്കുന്നവരാണ്. എന്നാൽ വചനഭാഗം നമ്മോട് പറയുന്നത് സ്വയം വഞ്ചിക്കുന്നവരെപ്പറ്റിയാണ്; അതായത്, ജീവിതവുമായി ബന്ധമില്ലാത്ത പ്രാർത്ഥന നടത്തുന്ന ആത്മവഞ്ചകരെപ്പറ്റി.

ഏറ്റവുമധികം ആത്മീയമുന്നേറ്റങ്ങളും ധ്യാനകേന്ദ്രങ്ങളും കൂടുതലായി ഉള്ളയിടമാണ് നമ്മുടെ കേരളം. കണക്കുകൾ സൂചിപ്പിക്കുന്നത് കേരള

ത്തിൽ ഓരോ ആഴ്ചയിലും ധ്യാനം കൂടി നവീക രിക്കപ്പെട്ട് ജീവിതത്തിലേയ്ക്ക് കടന്നുവരുന്നവർ ഏതാണ്ട് ഇരുപതിനായിരത്തോളമാണെന്നാണ്. എന്നാൽ ഇതിനനുസരിച്ചുള്ള ഒരു ആത്മീയ വളർച്ച കേരളസഭയിലെ വിശ്വാസികളിൽ നടക്കു ന്നുണ്ടോ എന്നത് ആത്മശോധന ചെയ്യേണ്ട കാര്യ മാണ്. നമ്മുടെ ആത്മീയ വളർച്ചയിൽ എന്തെ ങ്കിലും കുറവുണ്ടെങ്കിൽ അതിന്റെ തകരാറ് പ്രാർത്ഥന ചൊല്ലാഞ്ഞിട്ടോ പള്ളിയിൽ വരാ ഞ്ഞിട്ടോ അല്ല മറിച്ച് നാം അർപ്പിക്കുന്ന പ്രാർത്ഥ നകളെ നാം ജീവിക്കാൻ, ജീവിതങ്ങളിൽ അലിയി ച്ചുചേർക്കാൻ പരാജയപ്പെടുന്നു അല്ലെങ്കിൽ മറന്നു പോകുന്നു എന്നതാണ്.

വചനം കേട്ട് അത് അനുസരിക്കുന്നവന് 'പാറ മേൽ ഭവനം പണിത വിവേകമതിയായ മനുഷ്യൻ' എന്ന സർട്ടിഫിക്കറ്റാണ് ഈശോ നൽകുന്നത്. നമ്മുടെ ജീവിതങ്ങളാകുന്ന ഭവനങ്ങൾ സ്വയം കെട്ടിപ്പടുക്കുവാനും സ്വയം വളരുവാനും പ്രത്യേ കമാംവിധം കൃപ സിദ്ധിച്ചവരാണ് ക്രിസ്തുവിന്റെ അനുയായികളായ നാം നമ്മുടെ ജീവിതങ്ങൾക്ക് നാം നൽകേണ്ട ശക്തമായ അടിത്തറയെപ്പറ്റി ഈശോ സംസാരിക്കുകയാണ്. ദൈവമാകുന്ന പാറ മേൽ ജീവിതങ്ങൾക്ക് അടിസ്ഥാനമിടണം. പഴയ നിയമത്തിൽ ഏശ 30:29-ൽ ദൈവത്തെ ഇസ്രായേ ലിന്റെ രക്ഷാശില എന്നാണ് വിശേഷിപ്പിക്കുക. പുതിയ നിയമത്തിലേയ്ക്ക് കടന്നുവരുമ്പോൾ, 1 കോറി 10:4 ൽ പൗലോസ്ശ്ലീഹാ ഉറപ്പിച്ചു പറയു ന്നു. നമ്മുടെ ആത്മീയ ശില ക്രിസ്തുവാണ്. ദൈവ മാകണം നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനശില.

ദൈവത്തിന്റെ കയ്യിലെ പെൻസിൽ മാത്രമാണ് താനെന്ന് പറഞ്ഞ മദർ തെരേസ മിഷൻ പ്രവർത്ത നത്തിന്റെ ആദ്യഘട്ടത്തിൽ ഒരു അനാഥശാല പണി യാനാരംഭിച്ചു. പലരും മദറിനോട് പണിക്കാവശ്യ മായ പണം ഉണ്ടോ എന്ന് ചോദിച്ചു. പോക്കറ്റിൽ കിടന്ന രണ്ടുരൂപയെടുത്തു കാണിച്ച് മദർ പറഞ്ഞു: രണ്ടുരൂപയും ദൈവവുമുണ്ടെങ്കിൽ ഇതിലും വലുത് സംഭവിക്കും. വെറും അഞ്ചു രൂപയും ഈശോയിലുള്ള ശക്തമായ വിശ്വാസവുമായി വന്ന മദർ ഇന്ത്യൻ ജനതയിലൂടെ ഹൃദയം കീഴടക്കിയ തിന് കാരണം, മദറിന്റെ ജീവിതത്തിന്റെ അടിത്തറ, മദർ കെട്ടിപ്പടുത്ത സകലത്തിന്റെയും അടിത്തറ ദൈവമായിരുന്നതുകൊണ്ടാണ്.

ഈശോ പറയുന്ന രണ്ട് ഭവനങ്ങളുടെയും പണിക്കാർ വചനം കേട്ടവരാണ്. ഒരാൾ അനു സരിച്ചവൻ മറ്റയാൾ കേട്ടിട്ടും അനുസരിക്കാ ത്തവൻ. കേട്ടിട്ടും അനുസരിക്കാത്തതാണ് വലിയ പരാജയത്തിന് കാരണം. തീക്ഷ്ണതയോടെ വചനം വെറുതെ കേൾക്കുന്നതുമാത്രം നമ്മെ രക്ഷിക്കില്ല. ആവേശത്തോടെ ഡോക്ടറുടെ ഉപ ദേശം കേൾക്കുക മാത്രം ചെയ്യുന്ന രോഗി ഒരി ക്കലും സുഖപ്പെടില്ലല്ലോ.

ഒരു സർക്കസ് കൂടാരത്തിൽ ആരവം ഉയരുക യാണ്. വളരെ ഉയരത്തിൽ വലിച്ചുകെട്ടിയ കയറി ലൂടെ ഒരാൾ നടക്കുന്നു. പലരുടെയും ശ്രദ്ധയാ കർഷിച്ചത് മറ്റൊന്നാണ്, അയാളുടെ ചുമലിലിരുന്ന് താഴേയ്ക്ക് നോക്കി പുഞ്ചിരി തൂകുന്ന കൊച്ചു പെൺകുട്ടി. സർക്കസ് കഴിഞ്ഞപ്പോൾ ജനക്കൂട്ട ത്തിലെ ചിലർ ആ ബാലികയോട് ചോദിച്ചു: മോൾക്ക് ഇത്രയും ധൈര്യം എവിടുന്നു കിട്ടി? തെല്ലും സംശയിക്കാതെയവൾ പറഞ്ഞു: എന്റെ അച്ഛന്റെ ചുമലിലിരിക്കുമ്പോൾ ഞാനാരെയാണ് പേടിക്കേണ്ടത്? ഒരിക്കലും കരങ്ങൾ കുറുകാത്ത ദൈവത്തിന്റെ കരങ്ങളിൽ നമ്മുടെ ജീവിതങ്ങളെ സമർപ്പിക്കാം, അടിസ്ഥാനമിടാം. 1 കോറി 3:11 നമുക്ക് മനസ്സിൽ സൂക്ഷിക്കാം. "യേശു ക്രിസ്തു വെന്ന അടിസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. അതിനു പുറമേ മറ്റൊന്നു സ്ഥാപിക്കാൻ ആർക്കും കഴിയുകയില്ല." നമ്മുടെ അഭയശിലയായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. ◆